**ഭരണഭാഷ - മാതൃഭാഷ**

അഡീ. എക്സൈസ് കമ്മീഷണറുടെ കാര്യാലയം
(എൻഫോഴ്സ്മെൻറ്), നന്ദാവനം, തിരുവനന്തപുരം-33
✆ 0471-2322136, ✉ addlecenfo.exc@kerala.gov.in,
✉ exenforcement@gmail.com

EXC ENF/166/20-XJ3 തീയതി : 07.08.2020

# സർക്കുലർ

**വിഷയം : ഓണാഘോഷം 2020 - സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് - 2020 ഓഗസ്റ്റ് 10 രാവിലെ 6.00 മണി മുതൽ സെപ്റ്റംബർ 05 രാത്രി 12.00 മണിവരെ - അബ്കാരി / എൻ.ഡി.പി.എസ്. / എം.& റ്റി.പി.മേഖലയിലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള തീവ്രയത്ന എൻഫോഴ്സ്മെന്റ് പ്രവർത്തനം - സംബന്ധിച്ച്.**

**സൂചന** : 1. ബഹു. എക്സൈസ് കമ്മീഷണറുടെ 22.06.2020 തീയതിയിലെ EXC 19/2020/EXCISE നമ്പർ സർക്കുലർ
2. ബഹു. എക്സൈസ് കമ്മീഷണറുടെ 19.07.2020 തീയതിയിലെ EXC/38/2020/EXCISE നമ്പർ സർക്കുലർ

2020-ാം വർഷത്തെ ഓണം **ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 02** വരെയുള്ള ദിവസങ്ങളിൽ ആഘോഷിക്കുന്നു. ഇത്തവണ കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിലാണ് ഓണം വന്നെത്തുന്നത്. അതിനാൽ ഇതിനെ സംബന്ധിക്കുന്ന പ്രവർത്തനങ്ങളിലെല്ലാം രോഗം പ്രതിരോധിക്കാനും പകരാതിരിക്കാനും സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുവേണം ഈ വർഷത്തെ തീവ്രയത്നപ്രവർത്തനം നടത്തേണ്ടത്.

ആയതിനാൽ മേൽസൂചനയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങളെല്ലാം എല്ലാ ഉദ്യോഗസ്ഥരും പാലിക്കുന്നുവെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിൽ പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കാര്യങ്ങൾ താഴെ എടുത്തു പറയുന്നു.

- മാസ്ക്, കൈയ്യുറ, മുഖം മറയ്ക്കാനുള്ള ഷീൽഡ്, വ്യക്തിസുരക്ഷയ്ക്കുള്ള പിപിഇ കിറ്റ് മുതലായവ ആവശ്യമുള്ളത്രയും എണ്ണം ചെക്ക്പോസ്റ്റുകളിലും ഹൈവേ പട്രോൾ വാഹനങ്ങളിലും സ്പെഷ്യൽ സ്ക്വാഡുകളിലും, മറ്റ് തീവ്രയത്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എല്ലാ ഓഫീസുകളിലും ലഭ്യമാണ് എന്നത് ഉറപ്പുവരുത്തണം.
- റെയിഞ്ച്, സർക്കിൾ, സ്ക്വാഡ് മുതലായ ഓഫീസുകളിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് രോഗബാധയുണ്ടായാൽ ഓഫീസ് പൂർണ്ണമായും അടച്ചിടേണ്ട സാഹചര്യം വന്നുചേരാൻ സാധ്യതയുണ്ട്. അതൊഴിവാക്കുന്നതിനായി മുൻ സൂചനാ

നിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ മേൽപറഞ്ഞ ഓഫീസുകളിലെ ഡ്യൂട്ടി ക്രമീകരിക്കേണ്ടതാണ്. റെയിഞ്ച്, സർക്കിൾ, സ്ക്വാഡ് എന്നീ ഓഫീസുകളിൽ മൊത്തം ഉദ്യോഗസ്ഥരെ രണ്ട് ടീമായി തിരിച്ച് ഓരോ ടീമിനും ഒരു ഉദ്യോഗ സ്ഥന്റെ മേൽനോട്ടം നല്കി ഓരോ ടീമിനേയും 4 മുതൽ 7 വരെ ദിവസങ്ങൾ ഉള്ള ഡ്യൂട്ടിസമയങ്ങൾ നല്കി ഈ അവസ്ഥ തടയാവുന്നതാണ്.

- ചെക്ക്പോസ്റ്റുകളിലും മറ്റ് ഓഫീസിനു പുറത്ത് എൻഫോഴ്സ്മെന്റ് ഡ്യൂട്ടിക ളിലും നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ അവരുടെ ഡ്യൂട്ടി കഴിഞ്ഞശേഷം തിരികെ അവരുടെ വാസസ്ഥലങ്ങളിൽ പോകേണ്ടതിനാൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിയ്ക്കുന്നതിനുവേണ്ട തരത്തിൽ ഡ്യൂട്ടി ക്രമീകരിക്കേണ്ടതാണ്. പ്രതികളേ യോ, തൊണ്ടിമുതലോ തിരികെ ഓഫീസിൽ എത്തിയ്ക്കേണ്ട ഉദ്യോഗസ്ഥർ മാത്രം ഡ്യൂട്ടി കഴിഞ്ഞ് തിരികെ വരേണ്ട തരത്തിൽ സംവിധാനം ചെയ്യേണ്ടതാണ്.
- സാധാരണഗതിയിലുള്ളതുപോലെ അധികാരപരിധിയിൽ മുഴുവനും സഞ്ചരി ക്കുക ദു:ഷ്കരമായതിനാൽ അപകടസാധ്യത കുറയ്ക്കാനായി എക്സൈസ് ഇന്റ ലിജൻസ് & ഇൻവെസ്റ്റിഗേഷൻ വിഭാഗം അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി തുടർ നടപടിയെടുക്കാവുന്ന വിവരങ്ങൾ ശേഖരിച്ച് ബന്ധപ്പെട്ട ഫീൽഡ് ഓഫീ സർമാർക്ക് നൽകേണ്ടതാണ്.
- ഡിവിഷണൽ കൺട്രോൾ റൂമുകളിലും മറ്റ് ഓഫീസുകളിലും ലഭിയ്ക്കുന്ന അടി യന്തര സ്വഭാവമില്ലാത്ത പ്രാഥമിക വിവരങ്ങൾ എക്സൈസ് ഇന്റലിജൻസ് & ഇൻവെസ്റ്റിഗേഷൻ വിഭാഗം മുഖാന്തിരമോ അല്ലെങ്കിൽ നേരിട്ടോ പ്രാഥമിക പരി ശോധന നടത്തിയശേഷം എൻഫോഴ്സ്മെന്റിനായുള്ള പാർട്ടി പുറപ്പെടുന്നത് കൂടുതൽ ഉചിതമായിരിക്കും.
- വിവരശേഖരണം ശക്തമാക്കുന്നതിന് ഫീൽഡ് ഓഫിസുകളിലും മറ്റുമുള്ള എല്ലാ ഉദ്യോഗസ്ഥർക്കും അവരവരുടേതായ വ്യക്തിബന്ധങ്ങളും മറ്റ് പ്രാദേശികബന്ധ ങ്ങളും ഉപയോഗിയ്ക്കാവുന്നതാണ്.
- അന്തർസംസ്ഥാന അതിർത്തി പങ്കിടുന്ന ഡിവിഷനുകളിൽ അയൽസംസ്ഥാനങ്ങ ളിലെ ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച് നടത്തി എൻഫോഴ്സ്മെന്റ് പദ്ധതികൾ തീരുമാനിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ അത്തരത്തിൽ ഉള്ള കൂടിക്കാഴ്ച കൾ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സംഘടിപ്പിക്കേണ്ടതും ആവശ്യ മെങ്കിൽ വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ മുതലായവ വഴി നിരന്തര സമ്പർക്കവും ആശയ വിനിമയവും നടത്താൻ സഹായിയ്ക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ നടപ്പാ ക്കേണ്ടതുമാണ്.
- കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ അതിർത്തികളിലും സംസ്ഥാനത്തിനുള്ളിലും വാഹന പരിശോധനയിൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ നിലവിലുണ്ട്. ഇത് ക്രിമിനലുകളും കള്ളകടത്തുകാരും മുതലാക്കുന്നുണ്ട് എന്നത് കഴിഞ്ഞ കുറെ ദിവസങ്ങളിൽ കണ്ടെത്താനായിട്ടുള്ള മയക്കുമരുന്നുകേസുകളിൽ നിന്നും വ്യക്ത മായിട്ടുമുണ്ട്. ആയതിനാൽ മേൽപറഞ്ഞപ്രകാരം സുരക്ഷയിൽ വിട്ടുവീഴ്ച വരു ത്താതെ തന്നെ മയക്കുമരുന്നുകളുടേയും മദ്യത്തിന്റേയും വ്യാപനം തടയാനുള്ള പരിശോധനകൾ ശക്തി ഒട്ടും കുറയാതെ തന്നെ നടത്തേണ്ടതാണ്.

- കള്ളുഷാപ്പുകളിൽ നിന്നും കള്ള് കൊണ്ടുപോകുന്ന വാഹനങ്ങളിൽ നിന്നും മറ്റും സാമ്പിളുകൾ ശേഖരിയ്ക്കുമ്പോഴും അനന്തര നടപടികൾ എടുക്കുമ്പോഴും സുരക്ഷാ ഉപകരണങ്ങൾ വീഴ്ച കൂടാതെ ഉപയോഗിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- കണ്ടെയിൻമെന്റ് സോണുകൾ, ലോക്ക് ഡൗൺ മുതലായി വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ നിലവിലുള്ളതുകൊണ്ട് വ്യാജമദ്യത്തിന്റേയും വ്യാജകള്ളിന്റേയും നിർമ്മാണവും, കടത്തും, വിപണനവും വർദ്ധിക്കാൻ സാധ്യതയുണ്ട്. അതിനാൽ ഇതിനെതിരായി പ്രത്യേക ശ്രദ്ധ ആവശ്യമാണ്.
- മേൽപറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന മുൻശിക്ഷക്കാർ, മുൻപ് കേസുകളിൽ പ്രതിയായിട്ടുള്ളവർ, ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി രഹസ്യ വിവരം ലഭിച്ചിട്ടുള്ളവർ മുതലായവരെ നിരന്തരമായി നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യേണ്ടതാണ്.
- ലോക്ക് ഡൗൺ സമയത്ത് വ്യാജമദ്യ നിർമ്മാണത്തിലും മറ്റും ഏർപ്പെട്ട ആൾക്കാരേയും നിയമവിരുദ്ധമായി കച്ചവടം നടത്തിയ ബാറുകൾ തുടങ്ങിയ സ്ഥാപനങ്ങളേയും സൂക്ഷ്മമായി നിരിക്ഷിക്കേണ്ടതാണ്.
- ഡിവിഷണൽ കൺട്രോൾ റൂമുകളിൽ ആവശ്യമെങ്കിൽ അതിന് കീഴിലുള്ള ഓഫീസുകളിൽ നിന്നും അത്യാവശ്യം ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്ക് നിയോഗിയ്ക്കാവുന്നതാണ്.
- സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും സേനയുടെ ആരോഗ്യസുരക്ഷാ അവസ്ഥയും നിരീക്ഷിയ്ക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള "സുരക്ഷാ ഓഫീസർമാർ" പ്രസ്തുത കൃത്യം ഉപേക്ഷയില്ലാതെ നിർവ്വഹിയ്ക്കേണ്ടതാണ്.
- സുരക്ഷാ ഉപകരണങ്ങളും മറ്റും സംഭാവനയായി ലഭിയ്ക്കുന്ന സാഹചര്യമുണ്ടങ്കിൽ വകുപ്പുമായി ഔദ്യോഗികമായി ബന്ധമുള്ള ലൈസൻസികൾ മുതലായി വകുപ്പിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും വരുന്ന സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും അത്തരം സംഭാവനകൾ സ്വീകരിയ്ക്കാൻ പാടുള്ളതല്ല.
- ഏതെങ്കിലും ഓഫീസിൽ കോവിഡ് രോഗം മൂലം പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥ ഉണ്ടായാൽ അവിടെ ഏറ്റവും ചുരുങ്ങിയ രീതിയിലെങ്കിലും അത്യാവശ്യ കാര്യങ്ങൾ മുടക്കം കൂടാതെ നടത്തുന്നതിന് വേണ്ട നടപടികൾ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ സ്വികരിക്കേണ്ടതാണ്.
- സാധാരണഗതിയിൽ എല്ലാ ഓഫീസുകളിലും മുഴുവൻ ജീവനക്കാരേയും തീവ്രയത്ന പരിപാടിയിൽ പങ്കെടുപ്പിയ്ക്കാറുണ്ട്. എന്നാൽ ഇത്തവണ മുൻപ് സൂചിപ്പിച്ച പോലെ ഓരോ ഓഫീസിലും സുരക്ഷയും പ്രായോഗികതയും മുൻനിർത്തി ഡ്യൂട്ടി നിശ്ചയിക്കേണ്ടതും തീവ്രയത്ന പരിപാടി നടപ്പിലാക്കേണ്ടതുമാണ്.
- സർക്കിൾ തലത്തിൽ ടീമുകൾ ഏർപ്പെടുത്തുനമ്പോൾ ഒരു റെയിഞ്ച് മാത്രമുള്ള സർക്കിളുകളിൽ രണ്ട് ടീം രൂപപ്പെടുത്തുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെങ്കിൽ ബന്ധപ്പെട്ട ജോയിന്റ് എക്സൈസ് കമ്മീഷണറുടെ അനുവാദത്തോടെ

സമീപത്തുള്ള സൗകര്യപ്രദമായ മറ്റൊരു സർക്കിൾ കൂടിച്ചേർത്ത് ഡ്യൂട്ടി സംവിധാനം ചെയ്യാവുന്നതാണ്.

ഈ വർഷത്തെ ഓണത്തിനോടനുബന്ധിച്ചുള്ള **സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് 2020 ആഗസ്റ്റ് 10 മുതൽ സെപ്റ്റംബർ 05 വരെ** നീണ്ടുനിൽക്കുന്നതാണ്. എന്നിരുന്നാൽ തന്നെയും വ്യാജമദ്യത്തിന്റെയും, സ്പിരിറ്റിന്റെയും, മയക്കുമരുന്നുകളുടേയും കാലേകൂട്ടിയുള്ള കള്ളകടത്തും, സംഭരണവും ഒഴിവാക്കുന്നതിനുവേണ്ടി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം ഉടനടി ആരംഭിക്കേതുണ്ട്.

## I. താഴെപ്പറയുന്ന കുറ്റകൃത്യങ്ങൾ ഈ ഓണക്കാലത്ത് ഉണ്ടാകുവാൻ സാധ്യതയുണ്ട്.

1. വനപ്രദേശവുമായി ചേർന്ന് കിടക്കുന്ന ഭാഗങ്ങളിലും വനത്തിനുള്ളിലും വ്യാജ ചാരായ ഉൽപ്പാദനം നടക്കാൻ സാധ്യതയുണ്ട്.
2. അന്യസംസ്ഥാനങ്ങളിൽ നിന്നും സ്പിരിറ്റ് കടത്തിക്കൊണ്ടുവന്ന് വ്യാജ വിദേശ മദ്യനിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കാൻ സാധ്യതയുണ്ട്.
3. അന്യസംസ്ഥാന തൊഴിലാളികൾ മുഖേന മയക്കുമരുന്നുകളും മദ്യവും ടൂറിസ്റ്റ് ബസ്സ്, പാസഞ്ചർ ബസ്സ്, ട്രെയിൻ, മറ്റ് ഗുഡ്സ് വെഹിക്കിൾസ് എന്നിവ വഴി കടത്തികൊണ്ടു വന്ന് വിപണനം നടത്താം.
4. അതിർത്തി ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ വ്യവസ്ഥാപിത ചെക്ക് പോസ്റ്റുകളിലൂടെയും നിരവധിയായ മറ്റ് പാതകളിലൂടെയും സ്പിരിറ്റ്, വ്യാജമദ്യം മുതലായവ സംസ്ഥാനത്തിനകത്തേയ്ക്ക് വാഹനങ്ങളിലും കാൽനടയായും മറ്റു മാർഗ്ഗങ്ങൾ ഉപയോഗിച്ചും കടത്താൻ സാധ്യതയുണ്ട്.
5. പാഴ്സൽ സർവ്വീസ് വാഹനങ്ങളിലും, ചരക്കു/യാത്രാ തീവണ്ടികളിലും മറ്റ് സാധനങ്ങൾ എന്ന വ്യാജേന ബുക്കുചെയ്ത് സ്പിരിറ്റ്/വിദേശമദ്യം/കഞ്ചാവ് ഉൾപ്പെടെയുള്ള മയക്കുമരുന്നുകൾ എന്നിവ കടത്തുവാൻ സാധ്യതയുണ്ട്.
6. മാഹി, ഗോവ എന്നിവിടങ്ങളിൽ നിന്നും സ്പിരിറ്റും, വിദേശമദ്യവും മത്സ്യ ബന്ധന ബോട്ടുകളിലും, നാടൻ വള്ളങ്ങളിലും തീരപ്രദേശങ്ങളിൽ എത്തിക്കുവാൻ സാധ്യതയുണ്ട്.
7. ആയുർവേദ ഔഷധങ്ങൾ എന്ന പേരിൽ ലഹരി കൂടുതലുള്ള വ്യാജ അരിഷ്ടാസവങ്ങൾ, സിഞ്ചിബറിസ്, എന്നിവയുടെ വിപണനം നടക്കാനിടയുണ്ട്.
8. സിലോൺ പേസ്റ്റും, മയക്കുമരുന്നുകളും ഉപയോഗിച്ചുള്ള കൃത്രിമ കള്ള് ഉല്പാദനം നടക്കാനിടയുണ്ട്.
9. കണ്ടെയിനർ, ലോറികൾ, ടാങ്കറുകൾ, ടിപ്പർലോറികൾ, രഹസ്യ അറകൾ നിർമ്മിക്കപ്പെട്ടിട്ടുള്ള വാഹനങ്ങൾ എന്നിവയിൽ സ്പിരിറ്റ് കള്ളക്കടത്ത് നടത്താൻ സാധ്യതയുണ്ട്. മത്സ്യം, പച്ചക്കറി, മുട്ട, വാഴക്കുല, ചെടികൾ, സിമന്റ് എന്നിങ്ങനെ മറ്റു വസ്തുക്കൾ കൊണ്ടുവരുന്ന വാഹനങ്ങളിൽ ഒളിപ്പിച്ചുള്ള സ്പിരിറ്റ് കടത്ത് ഉണ്ടാകാൻ സാധ്യതയുണ്ട്.

10. അത്യാധുനിക വാഹനങ്ങൾ, ആഡംബരകാറുകൾ, വോൾവോ ബസ്സുകൾ, പാഴ്സൽ ലോറികൾ, ശീതീകരിച്ച വാഹനങ്ങൾ എന്നിവയും സ്പിരിറ്റുകടത്തുവാൻ ഉപയോഗിക്കുന്നതായി കാണപ്പെട്ടിട്ടുണ്ട്.
11. സ്പിരിറ്റ്, മയക്കുമരുന്നുകൾ, മറ്റുലഹരി പദാർത്ഥങ്ങൾ എന്നിവ കള്ളിൽചേർത്ത് വ്യാജകള്ള് ഉണ്ടാക്കി കള്ള്ഷാപ്പുകൾ വഴി വില്ക്കുവാൻ സാധ്യതയുണ്ട്.
12. വനപ്രദേശം, കോളനികൾ എന്നിവ കേന്ദ്രീകരിച്ചുള്ള വ്യാജവാറ്റും, വില്പനയും നടക്കാൻ ഇടയുണ്ട്.
13. മുൻകാലങ്ങളിൽ അനിഷ്ടസംഭവങ്ങൾക്ക് കാരണമായ തരത്തിൽ ചില ലൈസൻസുള്ള സ്ഥാപനങ്ങൾ ഓണത്തോടനുബന്ധിച്ച് മദ്യ ഉപഭോഗം വർദ്ധിപ്പിക്കാനുദ്ദേശിച്ച് പ്രത്യേക ആനുകൂല്യം നൽകി മദ്യവില്പന നടത്താൻ സാധ്യതയുണ്ട്.
14. ഉത്സവകാലം ആഘോഷിക്കാൻ ചെറുപ്പക്കാർ കഞ്ചാവും മറ്റ് ലഹരി പദാർത്ഥങ്ങളും കൂടുതലായി ആവശ്യപ്പെടാനും, പ്രസ്തുത വസ്തുക്കളുടെ കടത്തും വിപണനവും വർദ്ധിക്കാൻ സാധ്യതയുണ്ട്.
15. മുൻ കാലങ്ങളിൽ മദ്യ മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നവർ ഈ ഓണക്കാലത്ത് വീണ്ടും പ്രസ്തുത കാര്യങ്ങളിൽ സജീവമാകാൻ സാധ്യതയുണ്ട്.

ഇവയ്ക്കൊക്കെ പുറമെ ലഹരി വസ്തുക്കളുടെ നിർമ്മാണത്തിനും വിതരണത്തിനും മുമ്പ് ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്ത നൂതന മാർഗ്ഗങ്ങൾ അവലംബിക്കാനും സാധ്യതയുണ്ട്.

## II. കുറ്റകൃത്യങ്ങൾ തടയുന്നതിനായി താഴെപ്പറയുന്ന ക്രമീകരണങ്ങൾ അടിയന്തിരമായി നടപ്പിൽ വരുത്തുന്നതിന് നിർദ്ദേശിക്കുന്നു.

### A. ജില്ലാതല കൺട്രോൾ റൂമുകൾ

1. ജില്ലാതലത്തിൽ മേൽ സൂചിപ്പിച്ച മുൻകരുതലുകളോടെ സ്പെഷ്യൽ ടീമുകൾ രൂപീകരിച്ച് മിന്നൽ പരിശോധനകളും, പട്രോളിഗും, റെയിഡുകളും നടത്തേണ്ടതാണ്.എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാരും, സ്പെഷ്യൽ ടീമുകളുടെ പുതുക്കിയ ലിസ്റ്റ് അഡീ. എക്സൈസ് കമ്മീഷണറെ (എൻഫോഴ്സ്മെന്റ്) **09.08.2020-ന് മുമ്പായി** അറിയിക്കേണ്ടതാണ്.
2. സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും തങ്ങളുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം പ്രവർത്തിപ്പിക്കേണ്ടതാണ്. ഇവയ്ക്ക് ഒരു നിശ്ചിത ഫോൺ നമ്പർ ഉണ്ടായിരിക്കണം. കൺട്രോൾ റൂമിൽ ലഭിക്കുന്ന പരാതികൾ ഫീൽഡ് യൂണിറ്റുകൾക്ക് നൽകി കാലവിളംബം കൂടാതെ നടപടി സ്വീകരിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ പ്രിവന്റീവ് ഓഫീസറുടെ നേതൃത്വത്തിൽ കൺട്രോൾ റൂമിൽ നിയമിക്കേണ്ടതാണ്.

3. ഓരോ കൺട്രോൾ റൂമിലും ഒരു ഇൻഫർമേഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ ലഭിക്കുന്ന പരാതികളെ സംബന്ധിച്ചും സ്വീകരിച്ച നടപടികളെക്കുറിച്ചും രേഖപ്പെടുത്തേണ്ടതുമാണ്. ഈ രജിസ്റ്ററിൽ താഴെപ്പറയുന്ന കോളങ്ങൾ ഉണ്ടായിരിക്കണം.

1. ക്രമനമ്പർ, 2. പരാതി ലഭിച്ച തീയതിയും സമയവും, 3. പരാതി അറിയിച്ച ആളിന്റെ (പേര് അറിയാമെങ്കിൽ), 4. പരാതിയുടെ സ്വഭാവം, 5. പരാതിയിൽ സ്വീകരിച്ച നടപടി, 6. നടപടി സ്വീകരിച്ച ഉദ്യോഗസ്ഥന്റെ പേര്, 7. നടപടിയുടെ ഫലം (കേസ്സ് എടുത്തോ എന്നുള്ളത്, പിടിച്ചെടുത്ത തൊണ്ടി സാധനങ്ങളുടെ വിവരം, പ്രതിയുടെ വിവരം).

4. കൺട്രോൾ റൂമിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് തങ്ങളുടെ ചുമതലയെക്കുറിച്ച് കൃത്യമായ അറിവ് ഉണ്ടാകേതും, ഓരോ ദിവസവും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ കൺട്രോൾ റൂം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ കൺട്രോൾറൂം ഉദ്യോഗസ്ഥർക്ക് നല്കേണ്ടതുമാണ്. എന്തെങ്കിലും അത്യാവശ്യഘട്ടങ്ങൾ ഉണ്ടെങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥൻമാരെ ബന്ധപ്പെട്ടാണ് വിവരങ്ങൾ കൈമാറേണ്ടതെന്ന് കൺട്രോൾ റൂം ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥന്മാരെ നിർദ്ദേശിച്ചിരിക്കേണ്ടതാണ്. ഓരോ ജില്ലയിലും നടക്കുന്ന പ്രധാന സംഭവ വികാസങ്ങൾ എക്സൈസ് കമ്മീഷണർ, അഡീ. എക്സൈസ് കമ്മീഷണർ, ജോയിന്റ് എക്സൈസ് കമ്മീഷണർ എന്നിവരെയും എക്സൈസ് ആസ്ഥാനത്തെ കൺട്രോൾ റൂമിലും ജില്ലാ കൺട്രോൾ റൂമുകൾ അപ്പപ്പോൾ അറിയിക്കേണ്ടതാണ്. റെയിഡുകൾ സംബന്ധിച്ച് കൂടുതൽ സഹായം ആവശ്യമുള്ള സന്ദർഭങ്ങളിൽ ജില്ലാ കളക്ടറുടെയും, പോലീസ് സൂപ്രണ്ടിന്റെയും സഹായം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് അഭ്യർത്ഥിക്കാവുന്നതാണ്.

5. വിമുക്തി ഉദ്യോഗസ്ഥരുടേയും സേവനം ഈ കാലയളവിൽ ഉപയോഗപ്പെടുത്തേണ്ടതാണ്.

B. **സ്ട്രൈക്കിംഗ് ഫോഴ്സ്** : ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ജില്ലയെ രണ്ട് മേഖലകളായി തിരിച്ച് ഓരോ മേഖലയിലും എക്സൈസ് സർക്കിൾ ഓഫീസുകൾ കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിങ്ങ് ഫോഴ്സുകൾ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതാണ്. പരാതി കിട്ടിയാൽ കാലവിളംബം കൂടാതെ പരാതി പരിശോധിക്കുവാനും, റെയിഡു നടത്തുവാനും മതിയായ ഫോഴ്സ് ഏതു സ്ഥലത്തും, എതു സമയത്തും ലഭ്യമാണെന്ന് ഉറപ്പുവരുത്തുവാനാണ് സ്ട്രൈക്കിങ്ങ് ഫോഴ്സ് രൂപീകരിക്കുന്നത്. തുടർ ഡ്യൂട്ടിക്കാർ ചുമതല ഏറ്റെടുത്തശേഷം മാത്രമേ നിലവിലുള്ള ഉദ്യോഗസ്ഥർ ഡ്യൂട്ടി അവസാനിപ്പിക്കാൻ പാടുള്ളൂ. സ്ട്രൈക്കിങ്ങ് ഫോഴ്സ് അംഗങ്ങളുടെ പേരുവിവരം ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ആദ്യം സൂചിപ്പിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ഡ്യൂട്ടി ക്രമീകരിക്കേണ്ടതാണ്.

C. സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വ്യാപകമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ വ്യാപകമായി കഞ്ചാവ്, പുകയില, പാൻ ഉൽപ്പന്നങ്ങൾ, മറ്റു ലഹരി വസ്തുക്കൾ എന്നിവ കേരളത്തിൽ വൻതോതിൽ കടത്തികൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ അന്യസംസ്ഥാന തൊഴിലാളികൾ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങളിലും, അവർ താമസിക്കുന്ന ലേബർ ക്യാമ്പുകളിലും, ഇവർ എത്തിച്ചേരുന്ന ട്രെയിനുകളിലും ഗൗരവമായ നിരീക്ഷണം നടത്തേണ്ടതും, ആവശ്യമായ സമയങ്ങളിൽ ടി സ്ഥലങ്ങൾ റെയ്ഡുകൾ നടത്തി നിയമാനുസരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## D.രഹസ്യവിവരശേഖരണം

കോവിഡിന്റെ പശ്ചാത്തലത്തിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം പരമാവധി ശക്തിപ്പെടുത്തേണ്ടതാണ്.. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഇന്റലിജൻസ് നല്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ റെയിഡുകൾ സംഘടിപ്പിക്കേണ്ടതും ലഭിക്കുന്ന എല്ലാ വിവരങ്ങളിലും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും കാലതാമസം കൂടാതെ നടപടി സ്വീകരിക്കേണ്ടതുമാണ്. ഉടനടി നടപടി ആവശ്യമുള്ള കാര്യങ്ങൾ ഇന്റലിജന്റ്സ് വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണർമാർ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ / അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എന്നിവർക്ക് നേരിട്ട് കിട്ടത്തക്കവണ്ണം എത്തിച്ചുകൊടുക്കേണ്ടതും, വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

E. പാലക്കാട് ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് പെർമിറ്റ് മുഖേന കൊണ്ടുപോകുന്ന കള്ളിന്റെ അളവും ഗുണനിലവാരവും കൃത്യമായി പരിശോധിക്കേണ്ടതാണ്. പാലക്കാടൻ കള്ള് കൊണ്ടുപോകുന്ന സമയത്ത് കലർപ്പുണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട ജില്ലകൾ ശ്രദ്ധിക്കണം. അലത്തൂരും, പറളിയിലുമുള്ള ചെക്കിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് പാലക്കാട് ജില്ലയിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ, എക്സൈസ് ഇൻസ്പെക്ടർമാർ എന്നിവർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പാലക്കാട് ജില്ലയിലെ കള്ള് ചെത്ത് തോട്ടങ്ങളിൽ എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരം കർശന പരിശോധന നടത്തി അനധികൃത പ്രവർത്തനങ്ങൾ നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## F. സ്ഥിരം കുറ്റവാളികൾക്കെതിരെയുള്ള നടപടികൾ

1. അബ്കാരി, എൻ.ഡി.പി.എസ്. കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള മുൻകുറ്റവാളികളെ സംബന്ധിച്ച് എല്ലാ റേഞ്ച് ഓഫീസുകളിലും സൂക്ഷിച്ചിട്ടുള്ള എക്സ് കൺവിക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളവരുടെ താമസവും ഇപ്പോഴത്തെ

പ്രവർത്തനവും സംബന്ധിച്ച് ഉദ്യോഗസ്ഥർ നേരിട്ട് നിരീക്ഷണം നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്.

2. ഓണം സ്പെഷ്യൽ ഡ്രൈവ് ആരംഭിക്കുന്നതിനു മുൻപുതന്നെ റെയിഞ്ച് ഇൻസ്പെക്ടർമാരും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും വ്യാജമദ്യ വില്പനയുമായി ബന്ധപ്പെട്ട വ്യക്തികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി അത്തരം ആൾക്കാരെ നിരീക്ഷിക്കേണ്ടതാണ്. ആയത് ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

3. കള്ളിന്റെ സാമ്പിളുകളിൽ 6 % V/V Ethyl Alcohol-ൽ കൂടുതൽ റിസർട്ട് ഉണ്ടായിട്ടുള്ള ഷാപ്പുകൾ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്. ലൈസൻസികളുടെ പ്രവർത്തികളും കർശനമായി നിരീക്ഷിച്ച് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കേണ്ടതാണ്.

## G. അതിർത്തി പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ

അതിർത്തിമേഖലകളിൽ ആരോഗ്യ സുരക്ഷാ മുൻകരുതലുകളിൽ ഒട്ടും വീഴ്ച വരാതെ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

1. അതിർത്തി പ്രദേശങ്ങളിൽ പ്രത്യേകിച്ച് കാസർകോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ മുഴുവൻ സമയവും ബോർഡർ പട്രോളിംഗ് ശക്തിപ്പെടുത്തേണ്ടതും, വാഹന പരിശോധന കർശനമാക്കേണ്ടതുമാണ്.

2. തീരപ്രദേശങ്ങൾ വഴി വ്യാജമദ്യം കടത്തുന്നതിന് കൂടുതൽ സാദ്ധ്യതയുള്ളതിനാൽ ആയത് തടയുന്നതിന് ആത്മാർഥമായ ശ്രമം നടത്തേണ്ടതാണ്. കോസ്റ്റൽ പോലീസുമായി ചേർന്ന് കടലിലും, ഉൾനാടൻ ജലഗതാഗത പാതകളിലും പട്രോളിംഗ് സംഘടിപ്പിക്കേണ്ടതാണ്.

3. മൈനർ ചെക്കുപോസ്റ്റുകളിൽ 24 മണിക്കൂറും ഫലപ്രദമായ വാഹന പരിശോധന നടത്തുന്നതിന് ആവശ്യമായ എക്സൈസ് ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ ഉണ്ടെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്.

4. ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ചെക്ക് പോസ്റ്റുകളിലും, ജില്ലയിലെ മറ്റ് ആഫീസുകളിലും മിന്നൽപരിശോധന നടത്തുകയും മറ്റ് ആഫീസർമാരെ മിന്നൽ പരിശോധനകൾക്ക് നിയോഗിക്കുകയും ചെയ്യണം.

5. ബോർഡർ പട്രോളിംഗ് / സ്ട്രൈക്കിംഗ് ഫോഴ്സ് ഡ്യൂട്ടി നോക്കുന്ന ഉദ്യോഗസ്ഥരുടെ പൊസിഷൻ ഓരോ രണ്ട് മണിക്കൂറിലും ജില്ലാ കൺട്രോൾ റൂമിൽ ഫോൺ മുഖേന അറിയിക്കേണ്ടതാണ്.

6. അതിർത്തി മേഖലയിൽ അതാത് മേഖലയിലെ അതിർത്തി പങ്കിടുന്ന പോലീസ്/ എക്സൈസ് ഉദ്യോഗസ്ഥരുമായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ യോഗം വിളിച്ച് ചേർക്കേണ്ടതും, വിവര ശേഖരണം നടത്തി സംയുക്ത പരിശോധനകൾ സംഘടിപ്പിക്കേണ്ടതുമാണ്.

## H. <u>റോഡ് പട്രോളിംഗ്</u>

1. മുൻകൂട്ടി പദ്ധതികൾ രഹസ്യമായി തയ്യാറാക്കി പ്രത്യേക റോഡുകൾ തിരഞ്ഞെടുത്ത് അതുവഴി വരുന്ന എല്ലാ വാഹനങ്ങളും കർശനമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

2. യാത്രാവാഹനങ്ങൾ പരിശോധിക്കുന്ന വേളയിൽ സാധനങ്ങൾ സൂക്ഷിക്കുന്ന അറകൾ വിശദമായി പരിശോധിക്കേണ്ടതാണ്. ചരക്ക് വാഹനങ്ങൾ പരിശോധിക്കുമ്പോൾ രഹസ്യ അറകൾ ഉണ്ടോയെന്ന് കർശനമായി പരി ശോധിക്കേണ്ടതാണ്.

3. യാത്രാവാഹനങ്ങൾ പരിശോധിക്കുന്ന വേളയിൽ യാത്രക്കാരോട് മാന്യമായി പെരുമാറണം, ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സ്ത്രീകളോട് മാന്യമായി പെരുമാറേണ്ടതാണ്. വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ സാന്നിദ്ധ്യം കഴിവതും ഉണ്ടായിരിക്കണം. തുടർന്നുള്ള ഇത്തരം വാഹന പരിശോധന നിർദ്ദിഷ്ട സമയങ്ങളിൽ നടത്താതെ ഓരോ ദിവസവും ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തലേദിവസം തീരുമാനിച്ച് അറിയിക്കുന്ന വിവിധ സമയങ്ങളിൽ നടത്തി കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള പഴുതുകൾ അടയ്ക്കേണ്ടതാണ്.

## L. <u>വനവുമായി ചേർന്നുവരുന്ന പ്രദേശങ്ങൾ.</u>

വനമേഖലകളിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്ന് വ്യാജവാറ്റ്, കഞ്ചാവ് കൃഷി എന്നിവ കണ്ടുപിടിച്ച് നശിപ്പിക്കുന്നതിനുള്ള റെയ്ഡുകൾ സംഘടിപ്പിക്കേണ്ടതാണ്.

## III. <u>മറ്റ് വകുപ്പുകളുമായി ചേർന്ന് സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ</u>

1. സ്പെഷ്യൽ ഡ്രൈവിന്റെ വിജയത്തിനായി അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അവരുടെ അധികാര പരിധിയിലുള്ള ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് എന്നിവയുടെ ചുമതലയുള്ള ഡി.വൈ.എസ്.പി.മാരുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

2. അബ്കാരി മേഖലയിലെ കുറ്റ കൃത്യങ്ങൾ തടയുന്നതിനും സ്പെഷ്യൽ ഡ്രൈവിന്റെ വിജയകരമായ നടത്തിപ്പിനുമായി മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാർ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ ചുമതലയുള്ള പോലീസ് സൂപ്രണ്ടുമാരുമായി ബന്ധപ്പെട്ട് ഇന്റലിജൻസ് വിവരങ്ങൾ പരസ്പരം കൈമാറേണ്ടതാണ്.

സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സൂപ്രണ്ടുമാരുടെ അധികാര പരിധി താഴെ വിവരിക്കുന്നു.

| | |
|---|---|
| Superintendent Special Branch Thiruvananthapuram Range | Thiruvananthapuram, Pathanamthitta, Kollam. |
| Superintendent Special Branch, Ernakulam Range | Alappuzha , Kottayam, Idukki, Ernakulam. |
| Superintendent Special Branch, Thrissur Range | Thrissur, Palakkad, Malappuram. |
| Superintendent Special Branch, Kozhikkode Range | Kozhikkode, Wayanad, Kannur, Kasargode |

ഇപ്രകാരം ലഭിക്കുന്ന ഇന്റലിജൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാർ ആവശ്യമെങ്കിൽ മറ്റു വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയിഡുകൾ സംഘടിപ്പിക്കണം. ഇന്റലിജൻസ് റിപ്പോർട്ട് പ്രകാരമുള്ള നടപടികളിൽ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ വ്യക്തിപരമായ മേൽനോട്ടം വഹിക്കേണ്ടതാണ്. ലൈസൻസു സ്ഥാപനങ്ങളുടെ പരിശോധനക്ക് ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്ക് ജില്ലയ്ക്ക് പുറത്തുള്ള സമർത്ഥരായ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് പരിശോധന നടത്താവുന്നതാണ്.

3. അബ്കാരി മേഖലയിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവു ലഭിക്കുന്നതിന് അതാത് പ്രദേശത്തെ ജനപ്രതിനിധികളുടേയും, മറ്റ് സന്നദ്ധ സംഘടനകളുടേയും സഹായം ആവശ്യപ്പെടാവുന്നതാണ്. സ്പിരിറ്റ്, മറ്റു വ്യാജമദ്യങ്ങൾ, മയക്കുമരുന്നുകൾ എന്നിവയുടെ ഉത്പാദന/വിതരണം സംബന്ധിച്ച് അത്തരത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാകാൻ സാദ്ധ്യതയുണ്ട്.

4. ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് പോലീസ്, വനം, റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയിഡുകൾ നടത്തേണ്ടതാണ്.

5..അതിർത്തി മേഖലകളിൽ അതാത് മേഖലയിലെ അയൽ സംസ്ഥാന പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് വിവര ശേഖരണം നടത്തി സംയുക്ത പരിശോധനകൾ സംഘടിപ്പിക്കേണ്ടതാണ്.

6. ചാരായവും കോടയും നശിപ്പിക്കുന്നതിനായി റെയിഡുകൾ സംഘടിപ്പിക്കുന്നതിലേക്കായി ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട്/കമ്മീഷണർ, ഡി.എഫ്.ഒ. എന്നിവരുമായി ബന്ധപ്പെട്ട് സമ്മിശ്ര വകുപ്പുതല ടീമുകൾ രൂപീകരിക്കേണ്ടതാണ്. കോളനികൾ ഉൾപ്പെടെ മറ്റു പ്രദേശങ്ങളിൽ റെയിഡ് നടത്തുന്ന അവസരത്തിൽ സ്ത്രീകൾക്കെതിരെയുള്ള കുറ്റ കൃത്യം ആരോപിക്കപ്പെടാതിരിക്കാൻ വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തേണ്ടതാണ്.

7. കടൽ പട്രോളിംഗ് നടത്തുന്നതിനായി ബന്ധപ്പെട്ട ജോയിന്റ് എക്സൈസ് കമ്മീഷണർമാരും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും ജില്ലാ പോലീസ് മേധാവിമാരുമായി ബന്ധപ്പെട്ട് തീരദേശ പോലീസ് സേനയുമായി സംയുക്ത പട്രോളിംഗ് നടത്തേണ്ടതാണ്.

## IV. മറ്റ് പൊതു നിർദ്ദേശങ്ങൾ

a സ്പെഷ്യൽ ഡ്രൈവ് തുടങ്ങുന്നതിന് മുന്നോടിയായി ജില്ലയിലുള്ള എല്ലാ എക്സൈസ് വാഹനങ്ങളും അടിയന്തിരമായി അറ്റകുറ്റപണി തീർത്ത് ഉപയോഗയോഗ്യമാക്കേണ്ടതാണ്.

b. റിപ്പോർട്ട്: മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാരും, ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരും സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ ഓരോ ദിവസവും നടന്ന പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ട് നല്കേണ്ടതാണ്. ആയതിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരും, സർക്കിൾ ഇൻസ്പെക്ടർമാരും വ്യക്തിപരമായി പങ്കെടുത്ത റെയിഡുകളുടെ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

c. ഓരോ മേഖലയിലേയും സ്പെഷ്യൽ ഡ്രൈവിന്റെ ചുമതല അതാത് മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്ക് ആയിരിക്കും.

d. ഡിസ്റ്റിലറികൾ, ബ്രൂവറികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് ഇതു സംബന്ധിച്ച തങ്ങളുടെ അധികാര പരിധിയ്ക്കുള്ളിൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നല്കേണ്ടതാണ്. ആയത് സംബന്ധിച്ചു നടത്തിയ അവലോകനത്തിന്റെ റിപ്പോർട്ട് അഡീഷണൽ എക്സൈസ് കമ്മീഷണർക്ക് നല്കേണ്ടതാണ്.

e. സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ ഒരു ഉദ്യോഗസ്ഥനും അവനവന്റെ അധികാരാതിർത്തി വിട്ടുപോകുവാൻ പാടില്ല. അത്യാവശ്യഘട്ടങ്ങളിൽ അല്ലാതെ അവധി അനുവദിക്കരുത്. കോവിഡ് 19 പ്രതിരോധിക്കുന്നതിന്റെ ഭാഗമായി പുറത്തിറക്കിയിട്ടുള്ള നിർദ്ദേശം അനുസരിച്ച് പരമാവധി ജീവനക്കാരുടെ സേവനം ഉറപ്പ് വരുത്തേണ്ടതാണ്. ജില്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ എന്നിവർ അഡീഷണൽ എക്സൈസ് കമ്മീഷണർ

(എൻഫോഴ്സ്മെന്റ്) നോട് അനുവാദം വാങ്ങാതെ ലീവോ, പെർമിഷനോ ജോയിന്റ് എക്സൈസ് കമ്മീഷണറാൽ അനുവദിച്ച് വാങ്ങി പോകുവാൻ പാടില്ല.

f. ഡ്രൈ ഡേകൾ കൃത്യമായി പാലിക്കേണ്ടതും, ആ ദിവസങ്ങളിൽ സമാന്തര മദ്യ വിൽപ്പന നടക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

g. എഫ്.എൽ.3 ബാറുകൾ, എഫ്.എൽ.11 ബിയർ പാർലറുകൾ, എഫ്.എൽ.4 എ ക്ലബുകൾ, കള്ള് ഷാപ്പുകൾ എന്നിവ കൃത്യസമയത്തിന് മുമ്പായി തുറന്ന് പ്രവർത്തിക്കുന്നില്ലായെന്നും, അനുവദനീയമായ സമയം കഴിഞ്ഞ് പ്രവർത്തിക്കുന്നില്ലായെന്നും, കൃത്യമായി പരിശോധന നടത്തി ഉറപ്പ് വരുത്തണം.

h. ജില്ലകളിലെ ഫീൽഡ് ഉദ്യോഗസ്ഥർ കൃത്യമായി ഡ്യൂട്ടികൾ ചെയ്യുന്നുണ്ടോയെന്ന് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജോയിന്റ് എക്സൈസ് കമ്മീഷണർ എന്നിവർ രാത്രിയും പകലും പ്രത്യേകം ശ്രദ്ധ നൽകി, മൊബൈൽ ഫോണുകളിൽ ബന്ധപ്പെട്ടും, സർപ്രൈസ് വിസിറ്റ് നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.

i ദൈനംദിന ഡ്യൂട്ടിയ്ക്ക് വിഘ്നം സംഭവിക്കാത്ത രീതിയിൽ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലയളവിൽ എക്സൈസ് ഉദ്യോഗസ്ഥർക്ക് കൃത്യമായി വീക്കിലി ഓഫ് (ഡേ ഓഫ്) നൽകണമെന്ന് നിർദ്ദേശിക്കുന്നു.

j **ആഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 02** വരെയുള്ള ഓണദിവസങ്ങൾ ഉൾപ്പെടുന്ന കാലയളവ് പൂർണ്ണമായും അവധി ദിവസങ്ങളാണ്. സേനാംഗങ്ങൾക്കും ഓണത്തിന്റെ വ്യക്തിപരമായ ആവശ്യങ്ങളുണ്ടാകാം. ഇത് മുൻകൂട്ടി കണ്ട് ഈ അവധി ദിവസങ്ങളിൽ ഡ്യൂട്ടിയുടെ സംവിധാനം ബന്ധപ്പെട്ട ഡെപ്യുട്ടി എക്സൈസ് കമ്മീഷണർമാർ ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെ നിർദ്ദേശമനുസരിച്ച് ഏർപ്പെടുത്തേണ്ടതാണ്. മേൽ പറഞ്ഞ അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ അയവുവരാതെ ശ്രദ്ധിക്കേണ്ടതാണ്.

k ഫലപ്രദമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന് പൊതു സമൂഹത്തിന്റേയും, പൊതുജനങ്ങളുടേയും സഹകരണവും പിൻതുണയും അത്യാവശ്യമാണ്. കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരം നൽകുന്നതിനായി എക്സൈസ് ആസ്ഥാനത്തുള്ള കൺട്രോൾ റൂം, മേഖലകളിലെ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാർ, എക്സൈസ് ഇൻസ്പെക്ടർമാർ, എക്സൈസ് സർക്കിൾ ഓഫീസുകൾ, എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ, കൺട്രോൾ റൂമുകൾ എന്നിങ്ങനെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും, ഓഫീസുകളുടേയും ഫോൺ നമ്പരുകൾ പൊതുജനങ്ങളെ അറിയിക്കേണ്ട ആവശ്യമുണ്ട്. അതിനായി ആവശ്യമായ പത്രവാർത്ത എല്ലാ ജില്ലകളിലും ഡെപ്യുട്ടി എക്സൈസ് കമ്മീഷണർമാർ നൽകേണ്ടാണ്. ഡിപ്പാർട്ടുമെന്റിന്റെ ഫെയിസ് ബുക്ക് പേജ്, വാട്ട്സാപ്പ് നമ്പരുകൾ എന്നിവയ്ക്ക് വേണ്ട പ്രചാരം കൊടുക്കുന്നതിനുള്ള നടപടികൾ ഐ.റ്റി. വിഭാഗം എടുക്കേണ്ടതാണ്.

ഇവയ്ക്ക് പുറമെ നിലവിലുള്ള എൻഫോഴ്സ്മെന്റ് സംബന്ധമായ എല്ലാ നിർദ്ദേശങ്ങളും ടി **10.08.2020 മുതൽ 05.09.2020** വരെയുള്ള കാലയളവിൽ പ്രത്യേകം നടപ്പിൽ വരുത്തുവാൻ ഓരോ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. നിർദ്ദേശങ്ങളിന്മേൽ മനപൂർവ്വം അലംഭാവവും വീഴ്ചയും വരുത്തുന്നവർക്ക് എതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

ഈ തീവ്രയത്ന പരിപാടിയുടെ മേൽനോട്ടം വഹിക്കുന്നത് അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) & എൻഫോഴ്സ്മെന്റ് (പൂർണ്ണ അധികച്ചുമതല) ആയിരിക്കും. വിജിലൻസ് ഓഫീസർ ശ്രീ. മുഹമ്മദ് ഷാഫി ഈ പരിപാടിയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ നിർദ്ദേശങ്ങളും തിരുത്തലുകളും വരുത്തുന്നതിൽ അഡീഷണൽ എക്സൈസ് കമ്മീഷണർ എൻഫോഴ്സ്മെന്റിനെ സഹായിക്കുന്ന സ്പെഷ്യൽ ഓഫീസർ ആയി പ്രവർത്തിക്കുകയും ചെയ്യും.

സുരക്ഷിതവും ദുരന്തരഹിതവുമായ ഒരു ഓണം ഈ വർഷവും ഉറപ്പാക്കുന്നതിലേക്കായി എല്ലാ എക്സൈസ് ജീവനക്കാരും അവരുടെ കഴിവിന്റെ പരമാവധി പരിശ്രമിക്കണമെന്ന് നിർദ്ദേശിക്കുന്നു. നമ്മുടെ എല്ലാ ആഫീസർമാരും ജീവനക്കാരും അർപ്പണ ബോധത്തോടും ആത്മാർത്ഥതയോടും കൂടി അവരുടെ കഴിവിന്റെ പരമാവധി പ്രവർത്തിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

**അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം) &**
**എൻഫോഴ്സ്മെന്റ് (പൂർണ്ണ അധിക ചുമതല)**

**ഗ്രാഹകൻ**

1. എക്സൈസ് വിജിലൻസ് ഓഫീസർ
2. എല്ലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർക്കും.
3. എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും,
4. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്കും

**പകർപ്പ്** :

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം (പേരുവച്ചകവറിൽ) ഉപരിപത്രം സഹിതം
2. ബഹു: തൊഴിൽ, എക്സൈസ് വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (പേരുവച്ചകവറിൽ) ഉപരിപത്രം സഹിതം